1290

:കരള സർക്കാർ സാംസ്കാരികവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായി തളിര് സ്കോളർഷിപ്പ് പരീക്ഷ നടത്തുന്ന വിവരം മുൻപ് അറിയിച്ചിരുന്നല്ലോ. പ്രസ്തുത പരീക്ഷയുടെ തീയതികൾ സംബന്ധിച്ച അറിയിപ്പ് ഇതോടൊപ്പം ചേർക്കുന്നു. ഈ അറിയിപ്പ് എല്ലാ സ്കൂളുകളിലേക്കും എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**തളിര് സ്കോളർഷിപ്പ് പരീക്ഷ സംബന്ധിച്ച അറിയിപ്പ്**

:കരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായി നടത്തുന്ന തളിര് സ്കോളർഷിപ്പ് പരീക്ഷയുടെ തീയതികൾ തീരുമാനിച്ചിട്ടുണ്ട്. സീനിയർ വിഭാഗത്തിന് (8, 9, 10 ക്ലാസുകൾ) 2021 ഫെബ്രുവരി 14ന് രാവിലെ 10 മുതൽ 11.30വരെയും ജൂനിയർ വിഭാഗത്തിന് (5, 6, 7 ക്ലാസുകൾ) 2021 ഫെബ്രുവരി 17നു രാവിലെ 10 മുതൽ 11.30വരെയും ആയിരിക്കും പരീക്ഷ നടക്കുക. പൂർണ്ണമായിട്ടും ഓൺലൈനായിട്ടാണ് പരീക്ഷ. അതതു ദിവസങ്ങളിൽ രാവിലെ 9.30നുശേഷം ലോഗിൻ ചെയ്ത് പരീക്ഷ സംബന്ധിച്ച വിവരങ്ങൾ വായിച്ചുനോക്കാവുന്നതാണ്. പരീക്ഷയെഴുതുന്നതിനുള്ള ലോഗിൻ വിവരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിലേക്ക് എസ് എം എസ് ആയി അയയ്ക്കുന്നതാണ്. സീനിയർ വിഭാഗത്തിന് 2021 ഫെബ്രുവരി 13ന് ഒരു മോക്ക് എക്സാം ഉണ്ടാകുന്നതാണ്. ഇതിനുള്ള ലോഗിൻ വിവരം 2021 ഫെബ്രുവരി 11ന് എസ് എം എസ് ആയി സീനിയർ വിഭാഗത്തിന് അയയ്ക്കുന്നതാണ്. ജൂനിയർ വിഭാഗത്തിനുള്ള എസ് എം എസ്സുകൾ ഫെബ്രുവരി 14നു ശേഷം അയയ്ക്കുന്നതാണ്. 2021 ഫെബ്രുവരി 11ന് എസ് എം എസ് കിട്ടാത്ത സീനിയർ വിഭാഗത്തിലുള്ളവർ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടേണ്ടതാണ്. 2021 ഫെബ്രുവരി 15ന് എസ് എം എസ് കിട്ടാത്ത ജൂനിയർ വിഭാഗത്തിലുള്ളവരും അന്നുതന്നെ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടേണ്ടതാണ്. ബന്ധപ്പെടേണ്ട നമ്പർ 8547971483, 9544074633. scholarship@ksicl.org എന്ന ഇമെയിലിലും ബന്ധപ്പെടാവുന്നതാണ്.

വിശ്വസ്തതയോടെ,

**പള്ളിയറ ശ്രീധരൻ**
ഡയറക്ടർ
:കരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
**Palliyara Sreedharan,**
Director,
Kerala State Institute of Children's Literature
Thiruvananthapuram 34
Mob: 9847178201